# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 26 26/09/2016 ൽ മറുപടിയ്ക്ക്**

### സിവിൽ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 10/09/2004 ലെ ജി.ഒ(പി)നം.12/04/ഉഭപവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവാണ് ഇപ്പോൾ നിലവിലുള്ളത്. സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സ്ഥലം മാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നത് സിവിൽ സർവ്വീസ് കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ പ്രയോജനകരമാകുമെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ കാര്യങ്ങൾ മാനദണ്ഡങ്ങളിൽ വരുത്തുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (സി) | തദ്ദേശ സ്വയംഭരണ വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ തുടങ്ങി വിവിധ വകുപ്പുകളിൽ നിലവിലുള്ള പൊതുസ്ഥലംമാറ്റ നിബന്ധനകൾ കൂടി പരിശോധിച്ചുകൊണ്ടും ഉചിതവും കാലികവും സുതാര്യവുമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും നിലവിലുള്ള സ്ഥലംമാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നിരീക്ഷണ സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | പൊതുസ്ഥലംമാറ്റം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ എല്ലാ വകുപ്പുകളും കൃത്യമായി പാലിക്കേണ്ടതാണ്. ആയതിൽ വീഴ്ചയുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അതിനെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പൊതുസ്ഥലംമാറ്റ പ്രക്രിയയിൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുവാൻ സ്ഥലംമാറ്റം കുറ്റമറ്റ രീതിയിൽ ഓൺലൈനായി നടപ്പിലാക്കുന്നതിന് സഹായകമായ സോഫ്റ്റ് വെയർ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ